**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382** | **29-10-2021 - ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂജല നിരപ്പ് നിലനിർത്തുന്നതിനും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ കുളങ്ങളും കനാലുകളും കാവുകളും സംരക്ഷിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായും, തദ്ദേശസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൊതു ജലസ്രോതസ്സുകൾക്കും കുളങ്ങൾക്കും പുറമെ സ്വകാര്യ സ്ഥാപനങ്ങളിലെയും സ്വകാര്യ വ്യക്തികളുടെയും കൈവശമുള്ളവയും പരിപാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ഫാം പോണ്ടുകളിലും കിണറുകളിലും ഭൂരിപക്ഷവും സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്നവയാണ്. കൂടാതെ കിണർ റീചാർജ്ജിംഗ് സംവിധാനം ഒരുക്കിയ കിണറുകളിൽ ബഹുഭൂരിപക്ഷവും സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന വയാണ്. പൊതു ജല സ്രോതസ്സുകളും കുളങ്ങളും ശുദ്ധീകരിച്ച് നവീകരിച്ചതിന്റെ ഭാഗമായി ഭൂജല ലഭ്യതയിലും ഗുണ നിലവാരത്തിലും വർദ്ധനവ് ഉണ്ടാകുകയും ഇത് പരോക്ഷമായി സ്വകാര്യ ഭൂമിയിലെ ജലസ്രോതസ്സുകളിലെ ജല ഗുണനിലവാരം, ജല ലഭ്യത എന്നിവ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കൃഷി ആവശ്യത്തിനായുള്ള ഫാം പോണ്ട് നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. |
| (സി) | കുളങ്ങളും തോടുകളും പരിപാലിക്കാതെ നാമാവശേഷമാകുന്നത് തടയുന്നതിൽ പ്രസ്തുത | (സി) | പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ തോടുകൾ എന്നിവയുടെ സംരക്ഷണവും പരിപാലനവും സംഭരണശേഷി വർദ്ധിപ്പിക്കലും |

| | | | |
|---|---|---|---|
| | പദ്ധതി എത്ര മാത്രം ഗുണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി "സംയോജിത നീർത്തടാധി ഷ്ഠിത" രീതിയിലാണ് നിർവ്വഹിച്ചത്. ഹരിതകേരളം പദ്ധതിയിൽ നീർച്ചാലുക ളുടേയും പുഴകളുടേയും പുനരുജ്ജീവനം ഏറെയും ജനകീയമായിട്ടാണ് നിർവ്വഹിക്കപ്പെട്ടത്. കൂടാതെ ഇക്കാര്യങ്ങളിൽ വലിയ തോതിൽ ജനകീയ വിദ്യാഭ്യാസവും നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ പ്രാദേശിക ജലസ്രോതസ്സുകൾ ജനങ്ങളുടേത് കൂടിയാണ് എന്ന ഒരു ബോധം സൃഷ്ടിക്കാനായിട്ടുണ്ട്. തന്മൂലം ഇവ വീണ്ടും മലിനമാകാതെ തടയാൻ സഹായിക്കും. "ഇനി ഞാൻ ഒഴുകട്ടെ'' എന്ന പേരിൽ നീർച്ചാലുകളുടെ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ഒരു ജനകീയ ക്യാമ്പയിൻ നടത്തിയിരുന്നു. ആകെ പുനരുജ്ജീവനം സാധ്യമാക്കിയ നീർച്ചാലുകളിൽ 10253 കിലോമീറ്റർ ഈ ക്യാമ്പയിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ച വയാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാന ത്തിൽ സംയോജിത നീർത്തട പ്ലാനുകൾ ജനകീയമായി തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിഞ്ഞു എന്നതിനാലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവൃത്തികളുടെ ഗുണം കൂടുതലായി ലഭ്യമായത്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം, ജനകീയപങ്കാളിത്തം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ സാധ്യമാക്കാൻ കഴിഞ്ഞു എന്നതു കൊണ്ടു തന്നെ കുളങ്ങൾ/തോടുകൾ എന്നിവ മുൻകാലങ്ങളെ അപേക്ഷിച്ച്, നാമാവശേഷ മാകുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുളങ്ങളും തോടുകളും മറ്റ് ജലാശയങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി മുഖേനയും വിവിധ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. നീരൊഴുക്ക് സുഗമമാക്കുന്നതിന് ഡിസിൽറ്റേഷൻ വർക്കുകളും, പുഴയുടെയും തോടുകളുടെയും പുനരുജ്ജീവനത്തിനായി "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിനിലൂടെ വിവിധ പ്രവർത്തനങ്ങൾ, കയർ ഭൂവസ്ത്രം ഉപയോഗിച്ച് കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ ബലപ്പെടുത്തൽ ഇവയെല്ലാം ഈ പ്രവൃത്തിയിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാവുകളുടെ പുനരുദ്ധാരണത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മംഗലപുരം, പനവൂർ, കരകുളം ഗ്രാമപഞ്ചായത്തുകൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി യഥാക്രമം 1,00,000, 5,00,000, 10,80,000 തുക വകയിരുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ചടയമംഗലം, പന്മന, ഗ്രാമപഞ്ചായത്തുകളിൽ പൊതു ആവശ്യമെന്ന നിലയിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ 3 വർഷങ്ങളിലായി 9,45,010 രൂപയും ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനകം 37,87,116 രൂപയും കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ 2018-19, 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കാവ് സംരക്ഷണത്തിനായി 8,09,164 രൂപയും ചെലവഴിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പട്ടികജാതി വികസനവകുപ്പ്, ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി, BMC ഫണ്ട് തുടങ്ങിയവയിലൂടെ കാവ് സംരക്ഷണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിച്ച് കൃഷിക്കും മറ്റാവശ്യങ്ങൾക്കുമുപരി ഭൂജലപോഷണം കൂടി സാധ്യമാക്കുന്നതിന് പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കു പുറമേ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി സംയോജിത നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കിയ "നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്-ടു-വാലി" സമീപനത്തോടെ പുനഃരുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 710 കുളങ്ങളുടെ നവീകരണത്തിന് 'Renovation of tanks and ponds' എന്ന ഹെഡിൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 570 കുളങ്ങൾ പുനരുദ്ധരിച്ചിട്ടുണ്ട്.

ബാക്കിയുള്ളവയുടെ പ്രവൃത്തികൾ നടന്നു വരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| DETAILS OF PONDS EXECUTED DURING 2016-2021 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No | District | completed | | Ongoing | | Total | |
| | | No.of works | Amount (Lakhs) | No.of works | Amount (Lakhs) | No.of works | Amount (Lakhs) |
| **MI Circle Thiruvananthapuram** | | | | | | | |
| 1 | **Thiruvananthapuram** | 115 | 824.214 | 18 | 281.218 | 133 | 1105.432 |
| 2 | **Kollam** | 54 | 247.091 | 19 | 176.287 | 73 | 423.378 |
| 3 | **Kottayam** | 26 | 106.06 | 12 | 227.7 | 38 | 333.76 |
| 4 | **Pathanamthitta** | 110 | 1165.315 | 9 | 252.142 | 119 | 1417.457 |
| **Minor Irrigation Central Circle ERNAKULAM** | | | | | | | |
| 5 | **Ernakulam** | 20 | 328.77 | 4 | 126.68 | 24 | 455.45 |
| 6 | **Palakkad** | 37 | 3884.7744 | 24 | 965.59 | 61 | 4850.3644 |
| 7 | **Idukki** | 62 | 207.91 | 3 | 133 | 65 | 340.91 |
| 8 | **Thrissur** | 77 | 215.705 | 8 | 761.21 | 85 | 976.915 |
| **Minor Irrigation North circle KOZHIKKODE** | | | | | | | |
| 9 | **Kannur** | **11** | **326.6** | 11 | 527 | 22 | 853.6 |
| 10 | **Kozhikode** | 14 | 88.58 | 3 | 142 | 17 | 230.58 |
| 11 | **Sulthan Bathery (Wayanad )** | **8** | 120.94 | 4 | 271 | 12 | 391.94 |
| 12 | **Kasaragod** | 9 | 64.6 | 7 | 135.5 | 16 | 200.1 |
| 13 | **Malappuram** | 25 | 471.81 | 13 | 434.1 | 38 | 905.91 |
| **Kuttanad Development Circle (KDC) CHENGANNUR** | | | | | | | |
| 14 | **Chengannur** | 2 | 2.94 | 5 | 146.29 | 7 | 149.23 |
| | | | | | | | |
| | **Grand Total** | **570** | **8055.3094** | **140** | **4579.717** | **710** | **12635.0264** |

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25241 കുളങ്ങൾ നവീകരിക്കുകയും 18883 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 412 കി.മീ. നീളത്തിൽ പുഴകളും 45736 കി.മീ. നീളത്തിൽ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. ഇതുകൂടാതെ 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി അവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാക്രമം തീരുമാനിച്ച് നടപ്പിലാക്കുന്ന ശാസ്ത്രീയ രീതിയിൽ ഈ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടത്. ഇതിൻപ്രകാരം സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 1013 സ്ഥലങ്ങളിൽ ഇത്തരം പ്ലാനുകൾ തയ്യാറാക്കി അവയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ നിർവ്വഹണം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ ജല

സംരക്ഷണ പരിപാടികളുടെ ഭാഗമായി ഭൂജല പരിപോഷണം സാധ്യമാക്കി. സെമി ക്രിട്ടിക്കൽ ബ്ലോക്കായിരുന്ന നേമം ബ്ലോക്ക് സേഫ് സോണിലേയ്ക്ക് മാറി എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതേ രീതിയിൽ സംസ്ഥാനത്താകെ ഭൂജല പരിപോഷണം സാധ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിൽ ഓരോ വർഷവും അതാത് പദ്ധതികൾക്കായി വിവിധ ശീർഷകങ്ങളിൽ (പ്ലാൻ, നോൺപ്ലാൻ) വകയിരുത്തുന്ന തുകയും മറ്റു പദ്ധതികൾ മുഖാന്തിരം ലഭിക്കുന്ന തുകയും വിനിയോഗിച്ച് മുൻഗണനാക്രമത്തിൽ ആവശ്യമായ അറ്റകുറ്റ പ്രവൃത്തികളും പുനരുദ്ധാരണ പ്രവൃത്തികളും നിർവ്വഹിച്ചു വരുന്നുണ്ട്.

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുകുളങ്ങളുടെ നിർമ്മാണം/പുനരുദ്ധാരണം, സ്വകാര്യ കുളങ്ങളുടെ നിർമ്മാണം, കനാലുകളുടെ നവീകരണം, പച്ചതുരുത്തുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | നവീകരിച്ച പൊതുകുളങ്ങളുടെ എണ്ണം | നിർമ്മിച്ച പൊതുകുളങ്ങളുടെ എണ്ണം | | പുനഃരുദ്ധരിച്ച കനാലിന്റെ വിവരം (കിലോമീറ്റർ) | സ്ഥാപിച്ച പച്ചതുരുത്ത് (എണ്ണം) |
|---|---|---|---|---|---|
| | | പൊതു | സ്വകാര്യം | | |
| 2016-17 | 1390 | 90 | 1900 | 5243 | 0 |
| 2017-18 | 1309 | 92 | 3687 | 4915 | 6 |
| 2018-19 | 1106 | 131 | 4192 | 5008 | 33 |
| 2019-20 | 1013 | 59 | 3809 | 5158 | 465 |
| 2020-21 | 558 | 102 | 3882 | 4800 | 424 |

അനുബന്ധം

**നെയ്യാർ ഡാം** - നെയ്യാർ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട നെയ്യാർ ഡാമിനെ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾക്കായി ഒന്നാം ഘട്ടമായി ടൂറിസം വകുപ്പ് മുഖേന അനുവദിച്ച 4.651 കോടി രൂപയുടെ "Development of Neyyar Dam Phase -1" എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ടൂറിസം വകുപ്പ് മുഖേന 3.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലങ്കര ഡാം** - മലങ്കര ഡാമിനോടനുബന്ധിച്ച് ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട 'മലങ്കര ടൂറിസം ഹബ്ബ് ' എന്ന പേരിലുള്ള പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി ഡിവിഷൻ നം.3, ജില്ലാ കളക്ടർ, ഇടുക്കി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി എന്നിവരുടെ സംയുക്ത നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ മലങ്കര ഡാമിനോടനുബന്ധിച്ച് കുട്ടികളുടെ പാർക്ക്, പൂന്തോട്ടം മുതലായവയും ക്രമീകരിച്ചിട്ടുണ്ട്.

**കല്ലട ഡാം** - കല്ലട ജലസേചന പദ്ധതിയിൽ കല്ലട ഡാമിൽ തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (TEPS) മുഖേന ടൂറിസം പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**കുറ്റ്യാടി** - കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമിനോട് ചേർന്ന് ഒരു പൂന്തോട്ടം നിലവിലുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ 3.13 കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾ KIIDC മുഖേന പൂർത്തീകരിച്ചുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് തോണിക്കടവ് എന്ന സ്ഥലത്ത് ടൂറിസം നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**കാരാപ്പുഴ** - കാരാപ്പുഴ പദ്ധതിയോട് അനുബന്ധിച്ച് ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ) നം. 1953/2012/TSM തീയതി 09/03/2012 പ്രകാരം 492.03 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും, സുവനീറും സുഗന്ധവ്യഞ്ജന സ്റ്റാളുകളും, നടപ്പാതയും പാർക്കിംഗ് ഏരിയയും, ലാന്റ്സ്കേപ്പിംഗും വൈദ്യുതീകരണവും ലൈറ്റിംഗും തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തി ഒന്നാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ) നം. 3928/2014/TSM തീയതി 21/05/2014 പ്രകാരം 229 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവേശന കവാടം, ഗ്രാനൈറ്റ് സീറ്റിംഗ്, സാഹസിക വിനോദത്തിനായുള്ള പാർക്ക്, ഫൗണ്ടൻ, ഹാന്റ് റെയിൽ, ഗസീബോ, പാർക്കിംഗ് യാർഡ്, സോളാർ ലൈറ്റുകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി സ.ഉ(സാധാ)നം. 173/2017/TSM തീയതി 25/03/2017 പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, നടപ്പാത, ഫിഷിംഗ് ഡോക്കുകൾ, കുളങ്ങൾ, ഗസീബോസ്, പാർക്കിംഗ് യാർഡ്, ലാന്റ്

സ്കേപ്പിംഗ്, പവലിയൻ, ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ബാക്കി വരുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**<u>കാഞ്ഞിരപ്പുഴ</u>** – കാഞ്ഞിരപ്പുഴ ഡാമിനോട് ചേർന്നുള്ള ഉദ്യാനത്തിന്റെ മേൽനോട്ട ചുമതല 1/10/2021 മുതൽ ജലസേചനവകുപ്പും DTPC യും സംയുക്തമായി നടത്തിവരുന്നു. കാഞ്ഞിരപ്പുഴ ഡാമിനോടനുബന്ധിച്ച് ഗാർഡൻ, ചിൽഡ്രൻസ് പാർക്ക്, ബോട്ടിംഗ്, സോർബിംഗ് ബോൾ എന്നിവയാണ് ഉള്ളത്.

**<u>മലമ്പുഴ</u>** – മലമ്പുഴ Phase -I, Phase -II നവീകരണ പ്രവർത്തികളുടെ ഭാഗമായി ഗാർഡൻ 39 ഏക്കറിൽ നിന്നും 141 ഏക്കറായി വ്യാപിപ്പിച്ചു. നിരവധി പൂന്തോട്ട പാർക്കുകളും കാനായി കുഞ്ഞിരാമന്റെ കലാസൃഷ്ടികളുടെ പാർക്കുകളും, കുട്ടികളുടെ പാർക്കുകളും, ഡാംടോപ്പ് സഫാരി, റോപ്പ് വേ, വാട്ടർ ഫൗണ്ടനുകൾ, സിമ്മിങ്ങ് പൂളുകൾ തുടങ്ങിയവ നിലവിലുണ്ട്.

**<u>പോത്തുണ്ടി</u>** – പോത്തുണ്ടി ഡാമിനോടനുബന്ധിച്ച് ഗാർഡനുകൾ, പാർക്കുകൾ, അഡ്വഞ്ചർ ടൂറിസം പദ്ധതികൾ തുടങ്ങിയവ വികസിപ്പിച്ചിട്ടുണ്ട്.

**<u>മംഗലം</u>** – മംഗലം ഡാമിൽ ഉദ്യാനത്തിനു പുറമെ കുട്ടികളുടെ പാർക്കും, പുതിയ റൈഡുകളും നിർമ്മിച്ചിട്ടുണ്ട്.

**<u>പീച്ചി ഡാം</u>** – പീച്ചി ഡാമിൽ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡനിലൂടെയുള്ള നടപ്പാത, വാച്ച് ടവർ എന്നിവയാണ് ടൂറിസവുമായി ബന്ധപ്പെട്ട് സജ്ജീകരിച്ചിട്ടുള്ളത്.